**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1421** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>പുനഃപരിശോധനയ്ക്ക് വിധേയമാക്കിയ വികസന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. പ്രേംകുമാർ

പ്രൊഫ. സി. രവീന്ദ്രനാഥ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** മുൻ സർക്കാർ ആരംഭിച്ച പ്രധാന വികസന പദ്ധതികളിൽ ഏതൊക്കെയാണ് നിലവിലെ സർക്കാർ പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിവിധ പദ്ധതികൾ പരിശോധിച്ചു വരുന്നു.

**(ബി)** തെരഞ്ഞെടുപ്പ് പ്രകടന പത്രികയിലെ എത്ര വാഗ്ദാനങ്ങൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രകടനപത്രികയിലെ ആറ് ഇന്ദിരാഗ്യാരണ്ടികളിൽ കെ.എസ്.ആർ.ടി.സി ബസ്സുകളിൽ പ്രായഭേദമെന്യേ എല്ലാ സ്ത്രീകൾക്കും ട്രാൻസ് ജെൻഡേഴ്സിനും സൗജന്യ യാത്ര, പൗരന്മാരുടെ ക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരണം എന്നിവ നടപ്പാക്കി. കൂടാതെ ആശാവർക്കർമാർ, അംഗനവാടി വർക്കർമാർ/ഹെൽപ്പർമാർ, പ്രീപ്രൈമറി ടീച്ചർമാർ/ഹെൽപ്പർമാർ എന്നീ വിഭാഗങ്ങളുടെ ഓണറേറിയവും പാചകത്തൊഴിലാളികളുടെ വേതനവും വർധിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മയക്കുമരുന്നിന്റെ വിതരണ/വിപണന ശൃംഖല ഇല്ലായ്മ ചെയ്യുന്നതിനായി ഓപ്പറേഷൻ ഉഫാൻ നടപ്പിലാക്കി. തെരെഞ്ഞെടുപ്പ് പ്രകടന പത്രികയിലുള്ള മറ്റു വിഷയങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**(സി)** മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച വിവിധ പദ്ധതികൾ നിർത്തി വയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** വിവിധ പദ്ധതികൾ പരിശോധിച്ചു വരുന്നു. നിർത്തി വയ്ക്കുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ വകുപ്പുകളിൽ നടത്തിയ നയപരമായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** നയപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**